# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:889

04.03.2020-ലെ മറുപടി

### കൊട്ടാരക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന എത്ര കുടിവെള്ള പദ്ധതികൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നൽകിയിരുന്നു; | (എ)<br>&<br>(ബി) | കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ രണ്ട് വൻകിട പദ്ധതികൾക്കു ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കിഫ്ബി- പട്ടാഴി, പട്ടാഴി വടക്കേക്കര മൈലം തലവൂർ കുടിവെള്ള പദ്ധതി (അടങ്കൽ തുക - 60.13 കോടി രൂപ). പ്രസ്തുത പ്രവർത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.<br>2. നബാർഡ് - RIDF 25 - കുളക്കട പഞ്ചായത്തിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവർത്തിക്കു 29.3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കൂടാതെ മീനാടിനും സമീപ വില്ലേജുകൾക്കു മായിട്ടുള്ള ജൈക്ക സഹായത്തോടുകൂടിയുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ വിതരണ ശൃംഖലയുടെ ബാക്കി പണികൾ 38.99 കോടി തുകയ്ക്ക് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും അനുമതി നൽകി നടപ്പാക്കിവരുന്നു. ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട ഉമ്മന്നൂർ വാളകം പഞ്ചായത്തുകളിലേക്കു 84.90 കി.മീ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. വെളിയം പഞ്ചായത്തിൽ മൊത്തം |
| (ബി) | പദ്ധതികളുടെ നിലവിലുള്ള സ്ഥിതിയും അടങ്കൽ തുകയും വ്യക്തമാക്കുമോ; | | |

| | | ചോദ്യം | | മറുപടി |
|---|---|---|---|---|
| | | | | 74 കി.മി വിതരണ ശൃംഖല സ്ഥാപിച്ചെങ്കിലും ഓടനാവട്ടം ഉമ്മന്നൂർ റോഡിൽ ടി പഞ്ചായത്തിലെ വിതരണത്തിനുള്ള ഭൂതല സംഭരണി സ്ഥിതി ചെയ്യുന്ന വാപ്പാല പ്രദേശത്തിനും ഓടനാവട്ടം ജംഗ്ഷനും ഇടയിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി PWD അധികൃതരിൽ നിന്നും ഇപ്പോൾ ലഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനായുള്ള ത്വരിത നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br><br>**കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ചെറുകിട പദ്ധതികൾ**<br><br>1. ഡെപ്പോസിറ്റ് വർക്ക് - കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലെ മാടൻകാവിലിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തി (അടങ്കൽ തുക 28.47 ലക്ഷം രൂപ) പുരോഗമിച്ചുവരുന്നു.<br>2. എം.എൽ.എ-എസ്.ഡി.എഫ് 2018 -2019 കുളക്കട പഞ്ചായത്തിലെ സി.എച്ച്.സി പൂവാറ്റൂരിൽ വാട്ടർ കണക്ഷൻ നൽകുന്നതിനായി 9.49 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br>3. എസ്.സി.പി കോർപ്പസ് ഫണ്ടിൽ കുളക്കട പഞ്ചായത്തിലെ തേക്കമേൽ എസ്.സി കോളനിയിൽ പൈപ്പ് ലൈൻ നീട്ടുന്നതിനും വാട്ടർ കണക്ഷൻ നൽകുന്നതിനുമായി 15.5 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | 4. കൊട്ടാരക്കര മുനിസിപ്പാലിറ്റിയിൽ മുകലുവിള ഭാഗത്തിൽ വാർഡ് നം.1 ൽ 32.15 ലക്ഷം രൂപയുടെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br>5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമായ അലിമുക്ക് ചിറക്കര കോളനിയിലേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയ്ക്കായി 45.10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെങ്കിലും പുതിയ കുടിവെള്ള പദ്ധതിയുടെ സാധ്യതാപഠനം നടത്തിവരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പുതിയ കുടിവെള്ള പദ്ധതിയുടെ സാധ്യത പഠനം നടത്തി വരുന്നുണ്ട്. കൊട്ടാരക്കര, നെടുവത്തൂർ കുടിവെള്ളപദ്ധതിയുടെ ഉത്പാദന ഘടകങ്ങളുടെ അംഗീകരിച്ച ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടമായ വിതരണശൃംഖലയുടെ സർവ്വേ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കരിപ്ര, കുളക്കട എന്നീ പദ്ധതി പ്രദേശങ്ങളിൽ പുറം കരാർ വ്യവസ്ഥയിൽ സർവ്വേ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**